ജില്ലാ ഓഫീസ്, ആലപ്പുഴ
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
KERALA STATE POLLUTION CONTROL BOARD
DISTRICT OFFICE, ALAPPUZHA
തോണ്ടൻകുളങ്ങര, തത്തംപള്ളി പി.ഒ.,ആലപ്പുഴ - 688013,Thondankulangara, Thathampally P.O., Alappuzha - 688013
E-mail: alpy.pcb@gmail.com Telephone : 0477 - 2235384 web: www.keralapcb.nic.in

"ഭരണഭാഷ - മാതൃഭാഷ"

ബിജു.ബി.
ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ

---

ഡി.ഒ.കത്ത് നമ്പർ: പിസിബി/എഎൽപി/റ്റിജി-452/19 തീയതി: 30.12.2019

# അഭിനന്ദന കുറിപ്പ്

വിഷയം: ആലപ്പുഴ ജില്ലയെ e-waste മുക്തമാക്കാനുള്ള ക്യാമ്പയിനിൽ സ്വീകരിച്ച മാതൃകാപരമായ പ്രവർത്തനം - സംബന്ധിച്ച്.

പ്രിയപ്പെട്ട ശ്രീ. Dr. എൻ.കെ.പിള്ള,

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ല ഒട്ടാകെ അപകടകരമായ മാലിന്യങ്ങളിൽ നിന്നും മുക്തമാക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയാണ്. ഈ ശ്രമത്തിലെ സുപ്രധാന കാൽവെയ്പ്പാണ് ഇ-വേസ്റ്റ് ശേഖരണത്തിനും ശാസ്ത്രീയ നിർമാർജ്ജന ത്തിനുമായി നടത്തി വരുന്ന ക്യാമ്പയിൻ. ഖനലോഹങ്ങൾ ഉൾപ്പെടെ ഒട്ടേറെ അപകടകരമായ രാസവസ്തുക്കൾ അടങ്ങിയ ഇ-വേസ്റ്റ് അലക്ഷ്യമായി ഉപേ ക്ഷിക്കുന്നത് കനത്ത പരിസ്ഥിതി ആഘാതത്തിനും ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കും. ഈ ക്യാമ്പയിന്റെ ഭാഗമായിക്കൊണ്ട് ജില്ല യിലെ വിവിധ സ്ഥലങ്ങലിൽ നിന്നായി ശേഖരിക്കുന്ന ഇ-വേസ്റ്റ് റീസൈ ക്കിൾ ചെയ്യുന്നതിനായി അങ്ങയുടെ സ്ഥാപനം ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നത് തികച്ചും പൊതുജനോപകാരപ്രദവും, സ്തുത്യർഹമാണ്. ഇത് ഒട്ടേറെ പേർക്ക് മാതൃകയും പ്രചോദനകരവുമാകും. ഇക്കാര്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന് വേണ്ടിയും ജില്ലാ ഭരണകൂടത്തിന് വേണ്ടിയും ഹൃദയത്തിന്റെ ഭാഷയിൽ അങ്ങയെ അഭിനന്ദനവും കൃതജ്ഞതയും അറിയിച്ചു കൊള്ളുന്നു. തുടർന്നും ജില്ലയിലെ എല്ലാ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെയും മുന്നണിയിൽ അങ്ങ യുടെയും സ്ഥാപനത്തിന്റെയും സജീവ സാന്നിധ്യവും, സേവനവും, നേതൃ ത്വവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങേയ്ക്ക് സ്നേഹത്തിന്റെയും, പ്രത്യാശയുടെയും, ഐശ്വര്യത്തിന്റയും, സമൃദ്ധിയുടെയും പുതുവ ത്സരാശംസകൾ നേരുന്നു.

ആത്മാർത്ഥതയോടെ

ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ

KERALA STATE POLLUTION CONTROL BOARD ALAPPUZHA

Environmental Engineer
Kerala State Pollution Control Board
District Office, Alappuzha-13

സ്വീകർത്താവ്

ശ്രീ. Dr. എൻ.കെ.പിള്ള,
സി.ഇ.ഒ., കെ.ഇ.ഐ.എൽ., എറണാകുളം.

3.01.2020
CFO
All Working Personnel
Congrats
Keep it up.
3.01.2020

☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms.kspcb@gov.inFAX: 0471 – 2318134, 2318152 web: www.keralapcb.nic.in

# KERALA STATE POLLUTION CONTROL BOARD
# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം – 695 004

PCB/TAC/Suchitwa Mission/756/2017 Date: 08/02/2018

നോട്ടീസ്

വിഷയം: പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലുള്ള ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള ഖരമാലിന്യ നിർമ്മാർജ്ജനത്തിനായുള്ള നടപടികൾ –

സൂചന:- ഖരമാലിന്യ മാനേജ്മെന്റ് റൂൾസ് 2016.

കേന്ദ്ര സർക്കാർ 2016–ൽ റീനോട്ടിഫൈ ചെയ്തിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം സുരക്ഷിതമായ മാലിന്യ പരിപാലന / സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളുടെ ഉത്തരവാദിത്വമാണ്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിച്ച് സംസകരിക്കുന്നതിന് വീടുകളിൽ ബയോബിന്നുകൾ, കംപോസ്റ്റിംഗ്പിറ്റ് തുടങ്ങിയവയും കമ്മ്യൂണിറ്റി ലെവലിൽ Aero composting (Thumboor muzhi)–എന്നിവ ഏർപ്പെടുത്തുക. ഇത് സംബന്ധിച്ച് ശുചിത്വമിഷൻ ഇറക്കിയിട്ടുള്ള ടെക്നിക്കൽ മാനുവൽ ഇതോടൊപ്പം ചേർക്കുന്നു.

2. അജൈവ മാലിന്യമായ പ്ലാസ്റ്റിക്ക്, പേപ്പർ, മെറ്റൽ, ഗ്ലാസ്, തുണികൾ, തുടങ്ങിയവ തരംതിരിച്ച് ശേഖരിച്ച് ഓതറൈസ്ഡ് വേസ്റ്റ് പിക്കേഴ്സ്/ഏജൻസികൾക്ക് നൽകുന്നതിനായി പര്യാപ്തമായ സ്ഥലസൗകര്യങ്ങളുള്ള മെറ്റീരിയൽ റിക്കവറി സംവിധാനങ്ങൾ (MRF, MCF), സെക്കണ്ടറി സ്റ്റോറേജ് സംവിധാനങ്ങൾ ഉടനടി ഏർപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിവരങ്ങൾ ടെക്നിക്കൽ മാനുവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഴുകുന്ന മാലിന്യങ്ങൾ പച്ച നിറത്തിലുള്ള ബിന്നിലും പുന:രുപയോഗിക്കുന്ന വസ്തുക്കൾ വെള്ള നിറത്തിലുള്ള ബിന്നിലും മറ്റുള്ളവ കറുത്ത ബിന്നിലും ശേഖരിക്കുക.

3. കരിയിലകൾ റോഡിൽ കൂട്ടിയിട്ട് കത്തിക്കാൻ പാടില്ല. Street Sweepers അവ ശേഖരിച്ച് aerobic compost (Thumboor muzhi)–ൽ എത്തിക്കുക.

4. Paper, water bottle , liquor bottles, soft drink can, tetrapack, wrapper, fruit peel തുടങ്ങിയവ സ്ട്രീറ്റിലോ പൊതുസ്ഥലങ്ങളിലോ കത്തിക്കാൻ പാടില്ല. കൂടാതെ അവ ജലസ്രോതസുകളിലും പൊതുസ്ഥലങ്ങളിലോ മറ്റും വലിച്ചെറിയുന്നതും തടയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

5. ഖരമാലിന്യങ്ങൾ തരം തിരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് അതാത് സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഓതറൈസ്ഡ് waste pickers നെയും മാലിന്യസംരഭകരെയും ഉൾക്കൊള്ളിച്ച് പ്രവർത്തിക്കുക.

6. Domestic hazard waste - discarded paint drum, pesticide cans, CFL bulbs, tube light, broken mercury thermometer, used batteries, . തുടങ്ങിയവ പ്രത്യേകം ശേഖരിച്ച് ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ സംവിധാനത്തിൽ എത്തിക്കുക. കേരളത്തിലെ റീസൈക്കിൾഡ് ഹസാർഡസ് വേസ്റ്റ് ഡിസ്പോസൽ സംവിധാനം അമ്പലടമേടിൽ Kerala Enviro Infrastructure Ltd പ്രവർത്തിച്ചുവരുന്നു.

**Kerala Enviro Infrastructure Limited,**
**FACT CD Campus, Ambalamedu,Ernakulam – 682 303**
**Phone: 0484 2722241**
**Mob – 9495465796**

7. മാർക്കറ്റിൽ ഉണ്ടായ ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനമായ Decentralised compost plant or methanation plant അനുയോജ്യമായ വിധം ഏർപ്പെടുത്തുക.

മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി സ്വീകരിച്ച നടപടികളും റിപ്പോർട്ടും 15 ദിവസത്തിനകം നൽകേണ്ടതാണ്.

മെമ്പർ സെക്രട്ടറി

To
ALL CORPORATIONS, MUNICIPALITIES, PANCHAYATHS

തീയതി: 08/02/2018

പകർപ്പ്:

1. അർബൻ ഡയറക്ടറേറ്റ്
2. റൂറൽ ഡയറക്ടറേറ്റ്
3. ശുചിത്വമിഷൻ
4. ഹരിതകേരള മിഷൻ
5. റൂൾസ് സെക്ഷൻ
6. All DOs & ROs (വേണ്ട ചെയ്യേണ്ട ... support നൽകുക)

കവറിംഗ് ലെറ്ററോടുകൂടി